# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **239** | **18/02/2016 -**ൽ മറുപടിക്ക്

## ജലനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. ബി.സത്യൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസിയുടേയോ മറ്റേതെങ്കിലും ഏജൻസിയുടേയോ സഹായത്തോടെ പ്രവൃത്തി നടക്കുന്നതോ പൂർത്തീകരിച്ചതോ ആയ ഏതെങ്കിലും പദ്ധതികൾ ജലനിധിക്ക് കൈമാറാൻ ഉദ്ദേശമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) ഇല്ല |
| (ബി) ഏതെങ്കിലും നഗരകുടിവെള്ള വിതരണം പി.പി.പി. മോഡലിലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ; | (ബി) നഗരകുടിവെള്ള വിതരണ പദ്ധതിയോ ഗ്രാമകുടിവെള്ള പദ്ധതിയോ ഒന്നും തന്നെ പി.പി.പി മോഡലിലാക്കാൻ ആലോചിക്കുന്നില്ല. |
| (സി) ജലനിധി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് വില നിശ്ചയിച്ചിരിക്കുന്നത് ഏതടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; പൊതുടാപ്പുകൾ ഉണ്ടോ; ഇല്ലെങ്കിൽ പാവപ്പെട്ടവർക്ക് കുടിവെള്ളം ലഭ്യമാക്കാൻ എങ്ങിനെ സാധിക്കും; | (സി) ജലനിധി വഴി കേരള വാട്ടർ അതോറിറ്റി പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് കിലോ ലിറ്ററിന് 6/- രൂപ നിരക്കിൽ വെള്ളക്കരം നിശ്ചയിച്ചിരിക്കുന്നു. ഗുണഭോക്തൃ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന ശുദ്ധജല വിതരണ സമിതികളുടെ നിയമാവലി അനുസരിച്ച് ജലനിധി മുഖേന കാര്യക്ഷമമായ രീതിയിൽ ജലവിതരണം നടത്തുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള ചെലവ് ഗുണഭോക്തൃസമിതികളിൽ നിന്നും ഈടാക്കുകയാണ് ചെയ്യുന്നത്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കുന്ന തുകയ്ക്ക് ഇളവ് അനുവദിക്കുന്ന കാര്യത്തിൽ സമിതികൾക്ക് തീരുമാനമെട്ട |

ക്കാവുന്നതാണ്. ജലനിധി പദ്ധതിയിൽ പൊതുടാപ്പ് പ്രോത്സാഹിപ്പിക്കാറില്ലെങ്കിലും ഗുണഭോക്തൃ സമിതികൾ തീരുമാനമെടുക്കുന്ന പക്ഷം കമ്മിറ്റികൾ രൂപീകരിച്ച് പൊതുടാപ്പുകൾ അനുവദിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | വാട്ടർ അതോറിറ്റി പുതിയ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | വാട്ടർ അതോറിറ്റി ധാരാളം പുതിയ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. 2011 മുതൽ കേരള വാട്ടർ അതോറിറ്റി, ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് മാത്രമായി 1769.00 കോടി രൂപയുടെ 209 പദ്ധതികൾക്ക് അംഗീകാരം നൽകി. കൂടാതെ നബാർഡിന്റെ സഹായത്തോടെ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

JSK/